# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 700

27/04/2017-ൽ മറുപടിയ്ക്ക്

## സാമൂഹിക വനവൽക്കരണപദ്ധതികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി | | ശ്രീ. അഡ്വ: കെ. രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | സാമൂഹിക വനവത്കരണത്തിനായി ഈ വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്; | (എ) | സാമൂഹിക വനവത്കരണത്തിനായി ഈ വർഷത്തെ ബജറ്റിൽ 1400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത് |
| ബി) | ഇത്തരത്തിൽ വനവത്കരണം നടത്തേണ്ടുന്ന പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങളെന്തെല്ലാമാണ്; ഈ പ്രദേശങ്ങളെ കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിന് ആരെയാണ് ചുമതല പ്പെടുത്തിയിട്ടുള്ളത് ; | (ബി) | വഴിയോരത്തണൽ പദ്ധതി മുഖാന്തിരവും ബ്ളോക്ക് പ്ളാന്റിംഗ് വഴിയായും മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിന് അനുയോജ്യമായതും ലഭ്യ മായതുമായ സ്ഥലങ്ങൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായും, സ്ഥാപനങ്ങളുമായും ചർച്ച നടത്തി വനം വകുപ്പ് ഉദ്യോഗസ്ഥൻമാർ പരിശോധിച്ച് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഹരിതകേരളം പദ്ധതി മുഖാന്തിരം പഞ്ചായത്തു കളിലേയ്ക്ക് വിതരണം ചെയ്യുന്ന തൈകൾ വച്ചുപിടിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥല ങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് തന്നെയാണ് കണ്ടെത്തി വനവൽക്കരണം നടത്തുന്നത്. സ്കൂളുകളിലേയ്ക്കും കോളേജുകളിലേയ്ക്കും വിതരണം ചെയ്യുന്ന തൈകൾ വിദ്യാർത്ഥികൾ ബന്ധപ്പെട്ട അദ്ധ്യാപകരുടെ മേൽ നോട്ടത്തിലാണ് അനു യോജ്യമായ ,സ്ഥലങ്ങൾ കണ്ടെത്തി വനവൽ ക്കരണം നടത്തുന്നത് . |
| (സി) | മലപ്പുറം ജില്ലയിലെ കൊടുകുത്തിമല പ്രദേശത്ത് സാമൂഹികവനവത്കരണത്തി നായി പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കി യിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സാധ്യത പരിശോധിക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ കൊടുകുത്തിമല പ്രദേശത്ത് സാമൂഹികവനവത്കരണത്തിനായി പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല നിലമ്പൂർ സൗത്ത് ഡിവിഷനിൽ വി.എസ്സ്.എസ്സ് മുഖേനയാണ് ടി പ്രദേശത്ത് വനവത്ക്കരണം നിലവിൽ നടത്തി വരുന്നത്. |

സെക്ഷൻ ഓഫീസർ